**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് -.7968/2018 നം. റിട്ട് ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 15/03/2018 ലെ വിധി ന്യായം-നടപ്പിലാക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 3086/2018/തസ്വഭവ തിരുവനന്തപുരം,തീയതി: 05.12.2018.**

---

പരാമർശം : 1) WP(C)നമ്പർ -7968/2018 ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 15/03/2018 ലെ വിധി ന്യായം.

2) 4.2.2017 ലെ DA2/222/2017/തസ്വഭവ നമ്പർ കത്ത്

3) 3.11.1999 ലെ 31159/P2/99/തസ്വഭവ നമ്പർ സർക്കുലർ

4) വണ്ണപ്പുറം വില്ലേജ് ഓഫീസറുടെ 19.08.2017 ലെ 419/17 നമ്പർ കത്ത്

5) ലാന്റ് റവന്യൂ കമ്മീഷണറുടെ 20.10.2017 ലെ 25452/2017 നമ്പർ കത്ത്

6) പഞ്ചായത്തു ഡയറക്ടറുടെ 1.9.2018 തിയതിയിലെ C2/16678 നമ്പർ കത്ത്

<u>ഉത്തരവ്</u>

വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 23/12/16 ലെ V ാം നമ്പർ തീരുമാനപ്രകാരം 257/16-17 പ്രോജക്ട് നമ്പരായി ലോകബാങ്ക് ധനസഹായമായ 44,51,498/- രൂപയും സാധാരണ വിഹിതത്തിൽ നിന്നും 15,00,000/- രൂപയും ഉൾപ്പെടെ 59,51,498/- രൂപ വകയിരുത്തി വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങുകയും റവന്യൂ രേഖകൾ പ്രകാരം സർവ്വേ നമ്പർ 1478/1A യിൽപ്പെട്ട പ്രാഥമികാരോഗ്യകേന്ദ്രത്തിന് സമീപത്തുള്ള സ്ഥലത്ത് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത തീരുമാനം ജനതാൽപര്യത്തിന് വിരുദ്ധവും പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെയും ഭാവിവികസനത്തെയും തടസ്സപ്പെടുത്തുന്നതുമാണെന്നും കണ്ടതിനാൽ 8 മെമ്പർമാർ എതിർത്തതാണെന്നും ആയതിനാൽ മേൽ പ്രോജക്ട് റദ്ദ് ചെയ്യണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ശ്രീ. സണ്ണി കളപ്പുരയ്ക്കൽ മുതലായ അംഗങ്ങൾ സർക്കാരിൽ പരാതി സമർപ്പിക്കുകയും മേൽ പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തെ നിർമ്മാണം താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് സർക്കാർ പരാമർശം 2 പ്രകാരം വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത താൽക്കാലിക സ്റ്റേ ഓർഡർ നിർദ്ദേശത്തിനെതിരെ പരാതിക്കാരിയായ വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ലിസ്സി ജോസഫ് ബഹു. ഹൈക്കോടതിയിൽ WP(C) No. 7968/2018 നമ്പർ റിട്ട് ഹർജി നൽകുകയും ബഹു. ഹൈക്കോടതി സർക്കാർ നൽകിയ താൽക്കാലിക സ്റ്റേ ഓർഡർ നിർദ്ദേശം പരിശോധിച്ച് തീരുമാനം കൈക്കൊള്ളണമെന്ന് പരാമർശം 1 പ്രകാരം ഉത്തരവാകുകയുണ്ടായി.

2) ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരിയെയും മൂന്നാം എതിർകക്ഷി ശ്രീ. സണ്ണി കളപ്പുരയ്ക്കലിനെയും നേരിൽ കേൾക്കുകയുണ്ടായി.

3) ഇടുക്കി ജില്ലാമെഡിക്കൽ ഓഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടർക്കും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നല്കിയ റിപ്പോർട്ടിൽ പരാതിയിൽ പറഞ്ഞിരിക്കുന്ന സ്ഥലം പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പേരിലുള്ളതിന് നിലവിൽ രേഖകളൊന്നും ലഭ്യമല്ല എന്നായിരുന്നുവെന്നും പ്രൈമറി ഹെൽത്ത് സെന്ററിന്റെ ഭാവിവികസനത്തിനായി ശ്രീ. പി.ജെ. ജോസഫ് MLA ഒരു കോടി രൂപ് കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ചു എന്നുള്ളതും ദിവസേന 250 ൽ പരം രോഗികൾ ഒ.പിയിൽ ചികിത്സ തേടുന്നുവെന്നതും ശരിയല്ലായെന്നും ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പണിയുന്നതിന് ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ജില്ലാ പ്ലാനിംഗ് ബോർഡ് അംഗീകാരം നല്കിയിട്ടുള്ളതാണെന്നും നിർദ്ദിഷ്ട പഞ്ചായത്ത് ഓഫിസ് കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുള്ളതാണെന്നും ആശുപത്രി വികസനമോ പ്രവർത്തനമോ തടസ്സപ്പെടുത്തിക്കൊണ്ടല്ല പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്നും നിലവിൽ പ്രാഥമിക ഹെൽത്ത് സെന്ററിന് അനുവദിച്ചിട്ടുള്ള 50 സെന്റ് സ്ഥലം വണ്ണപ്പുറം അമ്പലപ്പടിയിൽ സ്ഥിതി ചെയ്യുന്നുണ്ടെന്നും നിലവിലുള്ള ഓഫീസ് കെട്ടിടം പഞ്ചായത്തിന്റെ ദൈനംദിനകാര്യങ്ങൾക്ക് അപര്യാപ്തമാണ് എന്നും ആയതിനാൽ പരാമർശം 2 പ്രകാരം സർക്കാർ നല്കിയ താത്കാലിക സ്റ്റേ ഓർഡർ പിൻവലിച്ച് പ്രസ്തുത സ്ഥലത്ത് പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നു പരാതിക്കാരിയായ ശ്രീമതി ലിസ്സി ജോസഫ് നേരിൽ കേട്ടപ്പോൾ ആവശ്യപ്പെടുകയുണ്ടായി.

4) പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് സമീപത്തുള്ള സ്ഥലത്ത് പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് കൈക്കൊണ്ട തീരുമാനം

ജനതാത്പര്യത്തിന് വിരുദ്ധമാണെന്നും മേൽ നിർമ്മാണത്തിനായി മാറ്റിവ്ച്ച പദ്ധതി വിഹിതം ലാപ്സ് ആയിട്ടുള്ളതാണെന്നും പഞ്ചായത്ത് 18.06.2018 ൽ എടുത്ത തീരുമാനപ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിച്ച് സ്വകാര്യ സ്ഥലം 60 ലക്ഷം രൂപയ്ക്ക് വാങ്ങുവാൻ തീരുമാനം കൈക്കൊണ്ടിരുന്നു എന്നും ആയതിന് DPC അംഗീകാരം നല്കിയിട്ടുണ്ടെന്നും ഈ വിവരം പരാതിക്കാരി ബഹു. കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ലായിരുന്നുവെന്നും മൂന്നാം എതിർകക്ഷി ശ്രീ.സണ്ണി കളപ്പുരയ്ക്കൽ നേരിൽക്കേട്ട അവസരത്തിൽ അറിയിക്കുകയുണ്ടായി. ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ പ്രാഥമികാരോഗ്യകേന്ദ്രത്തിന് സമീപത്തായി അനധികൃതമായി പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനെതിരെ പരാതി നല്കിയിരുന്നുവെന്നും തൊടുപുഴ എം.എൽ.എ ശ്രീ. പി.ജെ. ജോസഫ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ ഫണ്ടിൽ നിന്നും ഒരു കോടി രൂപ നല്കിയിരുന്നു എന്നും. പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം ജനതാത്പര്യത്തിന് വിരുദ്ധവും പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെയും ഭാവി വികസനത്തെയും തടസ്സപ്പെടുത്തുന്നതാണ് എന്നും ഇപ്പോഴുള്ള PHC യിൽ നിന്നും 75 മീറ്ററോളം അകലെയാണ് ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നത് എന്നും എന്നാൽ ഗ്രാമപഞ്ചായത്ത് ഓഫീസിന് മുമ്പിൽ സമരങ്ങളുമായി ബന്ധപ്പെട്ട ഉച്ചഭാഷിണി പ്രവർത്തിക്കുമ്പോഴും മറ്റ് ശബ്ദകോലാഹലങ്ങൾ ഉണ്ടാകുമ്പോഴും ഡോക്ടർമാർ ഒ.പി യിലെ പരിശോധന നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടെന്നും അപ്പോൾ 2 മീറ്റർ അടുത്ത് പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുമ്പോൾ ആശുപത്രിയുടെ പ്രവർത്തനത്തെ അത് ദോഷകരമായി ബാധിക്കുമെന്നും ആശുപത്രിയുടെ ഭാവി വികസനത്തിന് അത് തടസ്സമാകുമെന്നും വണ്ണപ്പുറം പ്രദേശത്തുള്ള ഏകദേശം 32000 ത്തോളം ആളുകളുടെ ആരോഗ്യപരിപാലനത്തിനായുള്ള ഏക ആശ്രയമാണ് വണ്ണപ്പുറം പ്രാഥമികാരോഗ്യകേന്ദ്രമെന്നും ഗ്രാമവാസികൾ അധികവും പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലും പിന്നോക്ക വിഭാഗത്തിലും പെട്ടവരാണെന്നും ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്ന് 20 കിലോമീറ്ററോളം അകലെയാണ് തൊടുപുഴ ജില്ലാ ആശുപത്രിയെന്നും ആയതിനാൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായോ താലൂക്ക് ആശുപത്രിയായോ ഉയർത്തണമെന്നുള്ളത് പൊതുജനങ്ങളുടെ ആവശ്യവും ആയത് പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണെന്നും എതിർകക്ഷിയായ ശ്രീ.സണ്ണി കളപ്പുരയ്ക്കൽ അറിയിക്കുകയുണ്ടായി. കൂടാതെ റവന്യൂ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് ഉടമസ്ഥാവകാശമോ, കൈവശാവകാശമോ ടി സ്ഥലത്തിൻ പേരിൽ ഇല്ലായെന്നും നിലവിലുള്ള ഓഫീസ് കെട്ടിടത്തേക്കാൾ വലിപ്പം കുറഞ്ഞ കെട്ടിടമാണ് പണിയാൻ ഉദ്ദേശിക്കുന്നത് എന്നും അറിയിക്കുകയുണ്ടായി.

5) റവന്യൂ രേഖകൾ പ്രകാരം സർവ്വേ 1478/1എയിൽ പ്പെട്ട 59.75 ആർ ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലുള്ള സ്ഥലത്താണ് നിലവിൽ ഗ്രാമപഞ്ചായത്ത്

ഓഫീസ് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്നും പഴയ ഓഫീസ് കെട്ടിടത്തിന്റെ അതേ വിസ്തീർണ്ണത്തിലാണ് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും മേൽ നിർമ്മാണത്തിന് പ്രൈമറി ഹെൽത്ത് സെന്ററിനോട് ചേർന്നുള്ള ഏകദേശം 15 സെന്റ് സ്ഥലം മതിയാകുന്നതാണ് എന്നും എന്നാൽ വണ്ണപ്പുറം പി.എച്ച്.സി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ച് വരുന്നതിനാലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുമ്പോൾ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങളും പാർക്കിംഗ്, ആംബുലൻസ്,മാലിന്യസംസ്കരണം എന്നിങ്ങനെയുള്ള അനുബന്ധ സൗകര്യങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്തേണ്ടി വരുമെന്നും ആയതിന് കൂടുതൽ സ്ഥലം ആവശ്യമായി വരുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 6 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) സർക്കാർ ആ വിഷയം വിശദമായി പരിശോധിച്ചു.വണ്ണപ്പുറം വില്ലേജ് ഓഫീസറുടെ പരാമർശം 4 ലെ കത്തിൽ നിന്നും ലാന്റ് റവന്യൂ കമ്മീഷണറുടെ പരാമർശം 5 ലെ കത്തിൽ നിന്നും കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ള സർവ്വേ നമ്പർ 1478/ AA യിൽപ്പെട്ട 266.71 ഹെക്ടർ സ്ഥലം സർക്കാർ തരിശായി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും ആയതിനാൽ ടി വസ്തുവിലുള്ള 59.75 ആർ വസ്തുവിൽ ഉൾപ്പെട്ട പ്രാഥമിക ആരോഗ്യകേന്ദ്രം പഞ്ചായത്തിന്റെ സ്ഥലമല്ല എന്നുമാണ് മനസ്സിലാകുന്നത്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനമാണ്. കൈമാറ്റം ചെയ്യപ്പെട്ട സർക്കാർ സ്ഥാപനങ്ങളോട് അനുബന്ധിച്ചുള്ള വസ്തുവകകൾ അതതു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണെങ്കിലും അവയുടെ ഉടമസ്ഥാവകാശം ഇപ്പോഴും സർക്കാരിൽ നിക്ഷിപ്തമാണ്. അത് വില്ക്കുവാനോ കൈമാറ്റം ചെയ്യുവാനോ അന്യാധീനപ്പെടുത്തുവാനോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരമില്ലായെന്നും കൈമാറ്റം ചെയ്ത ഒരു സർക്കാർ സ്ഥാപനത്തിനോടനുബന്ധിച്ച വസ്തുവകകൾ ആ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗപ്പെടുത്തേണ്ടതാണെന്നും മറ്റുള്ള യാതൊരു സംരഭത്തിലും അവ ഉപയോഗപ്പെടുത്തിക്കൂടായെന്നും പരാമർശം 4 സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.ഇവിടെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിനോട് ചേർന്ന 15 സെന്റ് സ്ഥലത്താണ് പഞ്ചായത്ത് പുതിയ കെട്ടിടം സ്ഥാപിക്കുവാൻ ഉദ്ദേശിച്ചത്. വണ്ണപ്പുറം പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ദിവസവും100 മുതൽ 125 വരെ രോഗികൾ ചികിത്സയ്ക്കായി എത്തുന്നുവെന്നും മറ്റ് ആശുപത്രി സൗകര്യങ്ങൾ ലഭ്യമല്ലാത്ത മേൽ പ്രദേശത്ത് PHC യെ CHC യായി ഉയർത്തുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതായിരുന്നുവെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പി.എച്ച്.സിയെ സി.എച്ച്.സി ആയി ഉയർത്തുമ്പോൾ ആശുപത്രി വികസനത്തിന് കൂടുതൽ സ്ഥലം ആവശ്യമായി വരും. അതിനാൽ ആശുപത്രിയോട് ചേർന്ന സ്ഥലത്ത് പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിച്ചാൽ ആയത് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കാം.

ആയത് സർക്കാർ പരാമർശം 4 പ്രകാരം നൽകിയ നിർദ്ദേശത്തിന്റെ ലംഘനവുമായിരിക്കും. കൂടാതെ എതിർകക്ഷിയായ ശ്രീ. സണ്ണി കളപ്പുരയ്ക്കൽ 25.04.2018 ലെ വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് 2/1ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് വേറെ സ്ഥലം വാങ്ങുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.മേൽ സാഹചര്യത്തിൽ പരാമർശം 2 പ്രകാരം സർക്കാർ വണ്ണപ്പുറം ഗ്രാമപഞ്ചായത്തിന് നൽകിയ നിർദ്ദേശം പിൻവലിക്കേണ്ടതില്ലായെന്ന് ഉത്തരവാകുന്നു.

7) മേൽ പ്രകാരം പരാമർശം 1 ലെ ബഹു. ഹൈക്കോടതിയുടെ വിധി ന്യായം പാലിച്ചു കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ,ഇടുക്കി.
അഡ്വക്കേറ്റ് ജനറൽ(കേരള ),എറണാകുളം.(ഉപരി പത്രം സഹിതം)
ശ്രീമതി.ലിസ്സി ജോസഫ്,പ്രസിഡന്റ്,വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്,ഇടുക്കി.
ശ്രീ.സണ്ണി പൗലോസ് ,കളപ്പുരയ്ക്കൽ ഹൗസ്,മുണ്ടൻമുടി പി.ഒ.,കള്ളിപ്പാറ,വണ്ണപ്പുറം,ഇടുക്കി-685607
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ